ഉത്തരം

(എ) സഹകരണ വകുപ്പിലെ നിയമനങ്ങളെല്ലാം പി.എസ്.സി. മുഖേനയാണ് നടത്തിവരുന്നത്.

(ബി)(സി)&(ഡി) ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അടിയന്തിരപ്രമേയം

കാസർഗോഡ് ജില്ലയിൽ 'മാനി' എന്നു വിളിക്കുന്ന മാത്യുവിന്റെ കൊലപാതകം

മി. സ്പീക്കർ : ഓർഡർ, ഓർഡർ...

20.6.1999-ന് രാത്രി കാസർഗോഡ് ജില്ലയിലെ അയ്യങ്കാവ് പ്രദേശത്ത് 'മാനി' എന്നു വിളിക്കുന്ന മാത്യു കൊലചെയ്യപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത പ്രദേശത്ത് നിലനിൽക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ. സുധാകരൻ, ചെർക്കളം അബ്ദുള്ള, മാമ്മൻ മത്തായി, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, കാസർഗോഡ് ജില്ലയിൽ അരക്കുകാട് ഗ്രാമത്തിൽ 'മാനി' എന്നു വിളിക്കപ്പെടുന്ന മാത്യു എന്ന ആൾ 20.6.1999-ന് രാത്രി 7.45 മണിയോടെ പരിക്കുപറ്റി റോഡരികിൽ കിടക്കുന്നതായി രാജപുരം പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചു. പോലീസ് ഉടനെതന്നെ സ്ഥലത്തെത്തി പരിക്കുപറ്റി അബോധാവസ്ഥയിൽ കിടന്നിരുന്ന മാത്യുവിനെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും വഴിമദ്ധ്യേ മരണമടഞ്ഞു. ഇതുമായി ബന്ധപ്പെട്ട് രാജപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 126/99-ാം നമ്പരായി ഐ.പി.സി. 302-ാം വകുപ്പ് അനുസരിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വെള്ളിരിക്കുണ്ട് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കേസ് അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. മാത്യുവിന്റെ കൊലപാതകത്തിന് ഉത്തരവാദികളെന്നു കരുതുന്ന ബിയാത്തു വീട്ടിൽ അബൂബേക്കറിനെ അറസ്റ്റു ചെയ്തിട്ടുണ്ട്. സംഭവത്തോടനുബന്ധിച്ച് ഒരു ജീപ്പ് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. മരണമടഞ്ഞ മാത്യു കല്ലാറിൽ തടിക്കച്ചവടം നടത്തിവരികയായിരുന്നു. മാത്യുവും അബൂബേക്കറും തമ്മിൽ ദീർഘകാലമായി വ്യക്തിപരമായ വിരോധത്തിലായിരുന്നു. ഇവർ തമ്മിൽ മുമ്പ് നടന്ന കൈയേറ്റങ്ങളെ സംബന്ധിച്ച് കേസുകൾ നിലവിലുണ്ട്. ആ കേസുകൾ കോടതിയിൽ വിചാരണയിലാണ്. മാത്യുവിന്റെ കൊലപാതകത്തിന് ഇവർ തമ്മിലുള്ള മുൻ വിരോധമാണ് കാരണം. കേസ് അന്വേഷണം ശക്തിപ്പെടുത്താൻ കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലത്തിപ്പോൾ യാതൊരുവിധ സംഘർഷാവസ്ഥയും നിലവിലില്ല. ജില്ലാ പോലീസ് സൂപ്രണ്ട് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാർ സംഭവസ്ഥലം സന്ദർശിച്ച് കേസന്വേഷണം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട യാതൊരു ആവശ്യവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുധാകരൻ : സർ, കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിൽ അയ്യങ്കാവ് എന്ന സ്ഥലത്ത് നടന്ന കൊലപാതകത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണം പല വസ്തുതകളും മറച്ചുവച്ചുകൊണ്ടുള്ളതാണ്. അവിടെ യാതൊരുവിധ സംഘർഷാവസ്ഥയുമില്ല എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന തന്നെ അതിന്റെ ജീവിക്കുന്ന തെളിവാണ്. സർ, വളരെ ഗുരുതരമായ പ്രശ്നം ആ പ്രദേശത്തുണ്ട്. ശ്രീ. മാത്യുവും അതുപോലെ കൊലക്കേസിൽ അറസ്റ്റു ചെയ്യപ്പെട്ട അബൂബേക്കറും തമ്മിലുള്ള പ്രശ്നമല്ല ഇതിന്റെ പുറകിൽ. ബാഹ്യമായി വേണമെങ്കിൽ ആണെന്നു പറയാം. പക്ഷെ അതിന്റെ പുറകിൽ ഒരുപാട് രാഷ്ട്രീയ പ്രശ്നങ്ങളും ആസൂത്രിതമായ ഗൂഢാലോചനയും ഉണ്ട് എന്നതാണ് ഈ കൊലപാതകത്തിന്റെ പ്രത്യേകത. നാട്ടിൽ ഒരുപാട് കൊലപാതകങ്ങൾ നടക്കാറുണ്ട്. എല്ലാ കൊലപാതകങ്ങളും ഈ നിയമസഭയ്ക്കകത്ത് ഞങ്ങൾ അടിയന്തിരപ്രമേയത്തിന്റെ രൂപത്തിൽ കൊണ്ടുവരാറില്ല. ഈ കൊലപാതകത്തിന് അതിന്റേതായ പ്രത്യേകതകൾ ഉള്ളതുകൊണ്ടാണ് ഇത് അടിയന്തിര പ്രമേയത്തിന് വിധേയമാക്കിയതും ഈ സഭ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടതും. സർ, 20.6.1999-ന് വൈകുന്നേരം 'മാനി' എന്നു വിളിക്കപ്പെടുന്ന മാത്യു കോൺഗ്രസ് പാർട്ടിയുടെ പൊതുയോഗം കഴിഞ്ഞ് വീട്ടിലേയ്ക്ക് പോകുമ്പോഴാണ് കൊലചെയ്യപ്പെട്ടത്. ഏതാണ്ട് ഏഴ് മണി കഴിഞ്ഞിരിക്കും. അതിന്റെ പുറകിലുള്ള ഒരു വസ്തുത എന്താണെന്നു ചോദിച്ചാൽ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, തർക്കമുണ്ടെന്ന്. തർക്കം എന്തിന് എന്നു ചോദിച്ചാൽ, മൂന്നു മാസം മുമ്പുവരെ ഇവരെല്ലാം സി.പി.എം. കാരായിരുന്നു. അവിടെ മാധവനെന്നു പറയുന്ന ഒരു ഹരിജൻ സി.പി.എം. അനുഭാവിയുടെ ഭൂമി കൊലക്കേസിൽ അറസ്റ്റു ചെയ്യപ്പെട്ട അബൂബേക്കറും ഗുണ്ടകളും കൈയേറിയ പ്രശ്നം സി.പി.എം. ന്റെ ലോക്കൽ കമ്മിറ്റിയുടെ മുമ്പിൽ എത്തി. അബൂബേക്കർ എന്നു പറയുന്ന ആൾ സാമ്പത്തികമായി ശേഷിയുള്ള ആളാണ്. സ്ഥലത്തെ ഒരു പൗരപ്രമുഖനാണ്. സി.പി.എം.ന്റെ ഒരു ശക്തിയാണ്. സ്വാഭാവികമായും സി.പി.എം.ന്റെ നീതി അബൂബേക്കറിന് അനുകൂലമായപ്പോൾ മാത്യുവിന്റെ നേതൃത്വത്തിൽ അമ്പതോളം സി.പി.എം. കാർ രാജിവച്ച് കോൺഗ്രസ്സിൽ ചേർന്നു. ഇത് മൂന്നുമാസത്തിനുമുമ്പ് നടന്ന സംഭവമാണ്. മാത്യു, മാധവൻ, സഹപ്രവർത്തകൻ ബേബി ഇവരൊക്കെ മൂന്നു മാസത്തിനുമുമ്പ് കോൺഗ്രസ്സുകാർ ആയവരാണ്. അന്നുമുതൽ മാത്യുവിന്റെ കഷ്ടകാലം തുടങ്ങുന്നു. പീഡനമാണ്. കള്ളക്കേസുകളിൽ കുടുക്കി മാത്യുവിനെ എങ്ങനെയൊക്കെ പീഡിപ്പിക്കാൻ സാധിക്കുമോ അങ്ങനെയൊക്കെ പീഡിപ്പിച്ചു. സി.പി.എം.ന്റെ ആളുകളുടെ ഭീഷണി, കൊല്ലുമെന്ന പരസ്യമായ ഭീഷണി ഒരു ഭാഗത്ത്, പോലീസിന്റെ പീഡനം മറുഭാഗത്ത്. രാജപുരം പോലീസ് സ്റ്റേഷനിൽ അഞ്ചു കള്ളക്കേസുകൾ മാത്യുവിന്റെ പേരിലുണ്ടായി. അഞ്ചു കള്ളക്കേസുകൾ എന്താണ്, അബൂബേക്കറെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി, അബൂബേക്കറിന്റെ ഭാര്യയ്ക്കുനേരെ തെറിവിളിച്ചു. അബൂബേക്കറിന്റെ വീട് കല്ലെറിഞ്ഞു തുടങ്ങിയവയാണ്. കല്ലെറിഞ്ഞു എന്ന ഒരു കേസിൽ എ.എസ്.ഐ. അന്വേഷിക്കാൻ പോയി. അബൂബേക്കറുടെ വീട്ടിന്റെ അകത്തു നിന്ന് പോലീസ് കല്ലെടുത്തു. കല്ലെടുത്തുനോക്കുമ്പോൾ ആ കല്ല് ജനലിൽകൂടി അകത്തു കടക്കില്ല. ഇത് കള്ള പെറ്റിഷനാണെന്ന് എ.എസ്.ഐ. പറഞ്ഞു. എന്നിട്ടും കേസ് രജിസ്റ്റർ ചെയ്തു. അങ്ങനെ ഒരുപാട് കേസുകളുടെ പീഡനം സഹിക്കാതെയായപ്പോൾ അവിടത്തെ കോൺഗ്രസ്പാർട്ടി പോലീസ് സ്റ്റേഷനിലേക്ക് മാർച്ച് നടത്താൻ തീരുമാനിച്ചു. അപ്പോൾ

എസ്.ഐ. കോൺഗ്രസിന്റെ നേതാക്കളെ വിളിപ്പിച്ച് ചർച്ച നടത്തി. ഈ പ്രശ്നം പറഞ്ഞുതീർക്കാമെന്ന് രാജപുരം എസ്.ഐ. അവർക്ക് ഉറപ്പുകൊടുത്തു. ഇന്ന് ആ ചർച്ച നടത്തേണ്ട ദിവസമാണ്. ചർച്ച നടത്തേണ്ടി വന്നില്ല. 20-ാം തീയതി മാത്യുവിനെ കൊലപ്പെടുത്തി. വൈകുന്നേരം കോൺഗ്രസിന്റെ ബൂത്ത്യോഗം കഴിഞ്ഞ് വീട്ടിലേയ്ക്കു പോകുകയായിരുന്ന മാത്യുവിനോടൊപ്പം മാധവൻ ബേബി, എന്നിവർ ഉണ്ടായിരുന്നു. ബേബി ഓട്ടോറിക്ഷയിൽ നിന്ന് ആദ്യം ഇറങ്ങി. രണ്ടാമതായി മാത്യു ഇറങ്ങി. ശ്രീ. മാധവൻ ഓട്ടോറിക്ഷയും കൊണ്ടു വീട്ടിലേയ്ക്കുപോയി. മാത്യു വീട്ടിലേക്കു പോകാൻ നോക്കുമ്പോഴാണ് വഴിയിൽ പതിയിരുന്ന് അബൂബേക്കറും കൂട്ടരും അദ്ദേഹത്തെ കൊല ചെയ്തത്. അതാണ് ഈ കേസിന്റെ പ്രത്യേകത, യഥാർത്ഥ കൊലയാളികളെ കണ്ടുപിടിക്കണം. മറ്റ് കൊലക്കേസ് പോലെയല്ല. ഇതൊരു യാദൃച്ഛിക സംഭവമല്ല. ബോധപൂർവ്വമായ കൊലപാതകമാണ്. സെലക്ടഡ് ആയ, മർഡർ ഗ്രൂപ്പിൽപ്പെട്ട നാലഞ്ച് ആളുകളെ നിറുത്തികൊണ്ടാണ് അബൂബേക്കർ ഈ കൊലപാതകം സംഘടിപ്പിച്ചത്. ഇരുമ്പുവടി കൊണ്ടടിച്ചപ്പോൾ മാത്യു വീണു. വീണ മാത്യുവിനെ തലങ്ങും വിലങ്ങും അടിച്ചു. കഴുത്തിന് അടിച്ച അടികൊണ്ട് അന്നനാളം തകർന്നു. കാലിൽ അടിച്ചപ്പോൾ തുടയെല്ല് പൊട്ടി. വലതു കയ്യിലടിച്ചപ്പോൾ കൈയുടെ എല്ലു പൊട്ടി, മരണത്തിന്റെ ആർത്തനാദം മാത്യുവിൽനിന്ന് ഉയർന്നപ്പോഴാണ് അയൽവക്കത്തെ ദേവകിയെന്ന സ്ത്രീ കതക് തുറന്ന് പുറത്തിറങ്ങി ഈ കൊലപാതകത്തിന് ദൃക്സാക്ഷിയായത്. മാത്യു അവിടെ സ്പോർട്ടിൽവച്ചുതന്നെ മരിച്ചു. അബോധാവസ്ഥയിൽ കിടക്കുകയായിരുന്നു എന്ന മുഖ്യമന്ത്രിയുടെ പരാമർശം ശരിയല്ല. ഫോൺ ചെയ്ത് മണിക്കൂറുകൾ കഴിഞ്ഞാണ് പോലീസ്പാർട്ടി വന്ന് മാത്യുവിന്റെ ബോഡി ആശുപത്രിയിലേയ്ക്കു മാറ്റിയത്. സംഭവം നടന്ന അതേദിവസം ഉച്ചയ്ക്ക് ഒരു മണിക്ക് അബൂബേക്കർ എന്നു പറയുന്ന ഈ കൊലയാളി രാജപുരം പോലീസ് സ്റ്റേഷനിലെ എസ്.ഐ.യുമായി ഒരു മണിക്കൂർ നേരം സംഭാഷണം നടത്തി. ഈ സംഭവം നടന്ന ദിവസം നാലു മണിക്ക് രാജപുരത്ത് സി.പി.എം.ന്റെ ലോക്കൽക്കമ്മിറ്റി ചേർന്നു. അബൂബേക്കർ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അന്ന് അപരിചിതരായ നാലഞ്ചാളുകളുടെ സാന്നിദ്ധ്യം ആ പ്രദേശത്തെ നാട്ടുകാർ ശ്രദ്ധിച്ചു. പാർട്ടി അറിഞ്ഞുകൊണ്ട്, പോലീസ് എസ്.ഐ.യുടെ മൗനാനുവാദത്തോടുകൂടി നടന്ന ഒരു ഗൂഢാലോചനയുടെ ഫലമാണ് മാത്യുവിന്റെ കൊലപാതകം. ആ എസ്.ഐ.യെ വച്ചുകൊണ്ട് അന്വേഷണം നടക്കുമോ?

സർ, എസ്.ഐ. ആദ്യം ഈ കേസ് ആക്സിഡന്റ് കേസായി രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചു. ആരും സാക്ഷിയില്ല. വണ്ടിയിടിച്ച് മരിച്ചതാണെന്ന് വരുത്താൻ എസ്.ഐ. ശ്രമം നടത്തി. പത്ത് മുന്നൂറോളം ആളുകൾ രാജപുരം പോലീസ് സ്റ്റേഷൻ വളഞ്ഞു. അവിടെ പ്രക്ഷുബ്ധമായ അന്തരീക്ഷമില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ. അത് വസ്തുതകൾക്ക് നിരക്കാത്തതാണ്. കോൺഗ്രസ്സിന്റെ നേതാക്കൾ എസ്.പി.യുടെ മുന്നിൽ പോയി ബഹളം വച്ചു. എന്നിട്ടാണ് ആക്സിഡന്റ് കേസ് മാറ്റി കേസ് രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചത്. മോർച്ചറിയിൽ കിടക്കുന്ന മാത്യുവിന്റെ ബോഡി കാണാൻ കോൺഗ്രസിന്റെ നേതാക്കൾ പോയി. കാണാൻ പോലീസ് അവരെ അനുവദിച്ചില്ല. ഒടുവിൽ എസ്.പി. ഇടപെട്ടിട്ടാണ് മാത്യുവിന്റെ മൃതശരീരം കാണിക്കാൻ പോലീസ് തയ്യാറായത്. ക്രൂരമായ കൊലപാതകമാണ്. 45 വയസ്സ് പ്രായമുണ്ട്. പറക്കമുറ്റാത്ത മൂന്ന് കുട്ടികളുണ്ട്. പാർട്ടി വിട്ടുപോയി എന്നതിന്റെ പേരിൽ മാത്രം രക്ഷസാക്ഷിയാകേണ്ടി വന്ന മാത്യുവിന്റെ കൊലപാതകം മറ്റ് കൊല

LIBRARY ARCHIVES Kerala Legislative Assembly

പാതകത്തിന് തുല്യമല്ല. അവിടത്തെ ജനങ്ങൾ പ്രക്ഷുബ്ധരാണ്. അവർ പോലീസ്സ്റ്റേഷൻ വളഞ്ഞിട്ടുണ്ട്.. ഈ കേസിന്റെ അന്വേഷണത്തിന് എസ്.ഐ.യെ നാലയലത്ത് ജനം അടുപ്പിച്ചില്ല. സ്റ്റേറ്റ്മെന്റ് പോലും റിക്കാർഡ് ചെയ്തത് എ.എസ്.ഐ.ആണ്. എസ്.ഐ.യെ ആ പ്രദേശത്ത് വരാൻ ജനം അനുവദിച്ചില്ല. സി.ഐ. ഉണ്ട്, കുഞ്ഞപ്പൻ. സി.പി.എം.-ന്റെ ലോക്കൽ കമ്മിറ്റിയുടെ നിർദ്ദേശം മാത്രം മാനിക്കുന്ന കുഞ്ഞപ്പൻ. കുഞ്ഞപ്പനേയും ആ പ്രദേശത്ത് വരാൻ ജനം അനുവദിച്ചില്ല. എസ്.ഐ. യേയും കുഞ്ഞപ്പനേയും ഈ കേസിന്റെ അന്വേഷണവുമായി ബന്ധപ്പെടാൻ ജനം അനുവദിക്കാത്ത സാഹചര്യം അവിടെയുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്വേഷിക്കണം. എന്നിട്ട് പറയണം അവിടെ പ്രശ്നമില്ലെന്ന്. പ്രക്ഷുബ്ധമല്ലാത്ത ഒരന്തരീക്ഷമുണ്ടെങ്കിൽ എസ്.ഐ.യേയും സി.ഐ.യേയും ഈ കേസ് അന്വേഷണം നടത്താൻ അനുവദിക്കാത്ത സാഹചര്യമുണ്ടാകുമോ? അത് പരിശോധിക്കണം. അവിടത്തെ ജനങ്ങൾ പ്രക്ഷുബ്ധരാണ്. കിരാതവും ക്രൂരവുമായ ഈ കൊലപാതകം, മനഃസാക്ഷിയെ ഞെട്ടിപ്പിച്ച ഈ കൊലപാതകം രാഷ്ട്രീയ സ്വഭാവമായി മാറില്ലേ? സി.പി.എം. വിട്ടുപോയവരെയൊക്കെ കൊല്ലാൻ തീരുമാനിച്ചാൽ ഈ നാട് എവിടെ ചെന്നെത്തും? ഈ സാമൂഹ്യ വ്യവസ്ഥിതി എവിടെ ചെന്നെത്തും? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മനഃസാക്ഷിയോടാണ് ഞാൻ ചോദിക്കുന്നത്. ഒരു പാവപ്പെട്ട കുടുംബം തെരുവിലാണ്. ഭാര്യയും പറക്കമുറ്റാത്ത മൂന്നുകുട്ടികളും അടങ്ങിയ ഒരു കുടുംബം. ഈ കൊലപാതകത്തെ ന്യായീകരിക്കാൻ അങ്ങേയ്ക്ക് സാധിക്കുമോ? അതുകൊണ്ട് അവിടെ പ്രക്ഷുബ്ധ അന്തരീക്ഷമാണ്. ഈ കൊലപാതകത്തെക്കുറിച്ചും അവിടെ നിലനിൽക്കുന്ന സാഹചര്യത്തെക്കുറിച്ചും സഭ നിറുത്തിവച്ച് ചർച്ചചെയ്ത് മേലിൽ ഇത്തരമൊരു സംഭവം ഈ സംസ്ഥാനത്ത് ഉണ്ടാവുകയില്ലെന്ന് ഉറപ്പുവരുത്താൻ ഈ സഭയ്ക്ക് ബാദ്ധ്യതയുണ്ടെന്ന് ഞാൻ ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഓർമ്മിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ആരും കൊലചെയ്യാൻ പാടില്ല. അത് ശ്രീ. സുധാകരനും മനസ്സിലാക്കണം. അപ്പുറത്തും ഇപ്പുറത്തുമുള്ളവർ കൊലചെയ്യരുത് അതാണ് എന്റെ അഭിപ്രായം. ശ്രീ. സുധാകരനും ചെയ്യരുത്, അപ്പുറത്തുള്ളവരും ചെയ്യരുത്. ആരും ആരേയും കൊലചെയ്യരുത്.

ശ്രീ. കെ. സുധാകരൻ : അങ്ങ് ഒരു മുഖ്യമന്ത്രിയല്ലേ? ഞാൻ ചെയ്ത കൊല പറയൂ.

ശ്രീ. ഇ.കെ. നായനാർ : അവിടെയിരിക്ക് സുധാകരാ, ശ്രീ. സുധാകരന്റെ വർത്തമാനമെല്ലാം എനിക്ക് നല്ലതുപോലെ അറിയാം. ശ്രീ. സുധാകരനേയും നല്ലതുപോലെ അറിയാം.. ശ്രീ. സുധാകരൻ എന്തെല്ലാം ചെയ്തുവെന്ന് എനിക്ക് അറിയാം. ഞാൻ എന്തെല്ലാം ചെയ്തുവെന്ന് ശ്രീ. സുധാകരനും അറിയാം. അതുകൊണ്ട് പരസ്പരം പറയുന്നതല്ല ഗുണം. ആരും കൊല ചെയ്യരുതെന്നു ഞാൻ ശ്രീ. സുധാകരനോട് പറഞ്ഞുള്ളൂ. അപ്പോൾ ശ്രീ. സുധാകരന് അത് മനസ്സിലാകും. അബൂബേക്കറും ശ്രീ. സുധാകരനും ഞാനും കൊലചെയ്യരുത്. ആരും ചെയ്യരുത്. ഈ കളിയൊന്നും എന്നോട് വേണ്ട എന്നേ ഞാൻ പറഞ്ഞുള്ളൂ. നമ്മൾ പരസ്പരം അറിയുന്നവരാണ്. അവിടെ യാതൊരു കുഴപ്പവുമില്ല. അവിടെ ഒരു ഹർത്താൽ നടന്നു. പനത്തടി പഞ്ചായത്ത് എനിക്ക് നല്ലതുപോലെ അറിയാം. അതുപോലെ ശ്രീ. സുധാകരന് അറിയില്ല. ആ സ്ഥലത്തെക്കുറിച്ച് നല്ല വിവരമുള്ള ആളാണ് ഞാൻ. ശ്രീ. സുധാകരന് അതൊന്നും അറിയില്ല. പനത്തടിയിലെ കൃഷിക്കാർ ആരാണ്?

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ സ്ഥിതി എന്താണ് എന്ന് എനിക്ക് അറിയാവുന്നതിന്റെ ആയിര ത്തിലൊന്ന് ശ്രീ. സുധാകരന് അറിയില്ല. ആ സംഭവത്തെത്തുടർന്ന് കൊലപാ തകിയെ ഉടനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ ജീപ്പും കസ്റ്റഡിയിലെടുത്തി ട്ടുണ്ട്. ഇന്നലെയാണ് അറസ്റ്റ് ചെയ്തത്. അവിടെ ഒരു ഹർത്താൽ നടന്നു. അതും ഞാൻ അറിയും. ശ്രീ. സുധാകരൻ പറയുന്നതുപോലുള്ള യാതൊരു കുഴപ്പവും അവിടെയില്ല. അവിടെ നടന്ന കൊലപാതകത്തോടനുബന്ധിച്ച് ഐ.പി.സി. 302-ാം വകുപ്പ് അനുസരിച്ച് കേസ് എടുത്തിട്ടുണ്ട്. എസ്.ഐ. ആക്സിഡന്റിനാണ് കേസ് എടുത്തത് എന്നു പറഞ്ഞത് വസ്തുതകൾക്ക് വിരുദ്ധമാണ്. ആ സംഭവത്തെക്കുറിച്ച് നല്ലതുപോലെ അന്വേഷിക്കും, കുറ്റവാ ളികളുടെ പേരിൽ ശക്തമായ നടപടിയെടുക്കും. അതിനൊന്നും യാതൊരു കുഴപ്പവുമില്ല. അവിടെ ഒരു ഹർത്താൽ നടന്നു. ആരെല്ലാം അതിൽ പങ്കെ ടുത്തു എന്നും എനിക്ക് അറിയാം. തീർച്ചയായും കൊലപാതകത്തിൽ പ്രതി ഷേധമുണ്ട്. കൊലയാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 302-ാം വകുപ്പ് അനുസ രിച്ച് കേസ് എടുത്തിട്ടുണ്ട്. ആ കേസ് സംബന്ധിച്ച് ശരിക്കും അന്വേഷണം നടക്കും, കുറ്റവാളികളെ ശിക്ഷിക്കും. ഇതിനൊന്നും വലിയ പ്രസംഗം ഒന്നും നടത്തേണ്ട.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ച ത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധി ക്കുന്നു.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു).

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ട തിന്റെ ആവശ്യകത

ശ്രീ. ജി. കാർത്തികേയൻ : സർ, ഈ നിയമസഭയിലെ 141 എം.എൽ. എ.മാർക്കും സഭാനേതാവിനും സഭാനാഥനും, എല്ലാവർക്കുംവേണ്ടിയാണ് ഞാൻ അവിടെ ഇത് അവതരിപ്പിക്കുന്നത്. കേരളത്തിലെ മുഴുവൻ പ്രദേശങ്ങ ളിലേയും റോഡുകളുടെ കാര്യമാണ്. വസ്തുനിഷ്ഠമായ ഒരു കാഴ്ചപ്പാടിന് അങ്ങ് തയ്യാറാകണമെന്ന് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. കേരളത്തിലെ റോഡുകളെല്ലാം മരണക്കിണറുകളായി മാറിയിരിക്കുകയാണ്. ഉഴുതുമറിച്ച പാടങ്ങൾ എങ്ങനെയിരിക്കും? കേരളത്തിലെ പ്രധാനപ്പെട്ട റോഡുകളെല്ലാം ഉഴുതുമറിച്ച പാടങ്ങൾ പോലെയാണ്. അത് ഈ മൂന്നുവർഷക്കാലം കൊണ്ട് ഉണ്ടായതാണ് എന്നല്ല പറയുന്നത്. പക്ഷേ, ഇത്രയധികം ഗുരുതരാവസ്ഥ കേരളത്തിലെ യാത്ര ചെയ്യുന്ന ആളുകൾക്ക് ഒരു കാലഘട്ടത്തിലും ഉണ്ടായി ട്ടില്ല. നമ്മുടെ നാട്ടിലെ ട്രാഫിക് നിയമങ്ങൾ ഓരോ വ്യക്തിക്കും ഓരോ പ്രസ്ഥാനത്തിനും ആയതുകൊണ്ട് ട്രാഫിക് നിയമങ്ങൾ ആരും പാലിക്കു ന്നില്ല. ട്രാഫിക് നിയമങ്ങൾ പാലിക്കാത്ത ഒരു സമൂഹമാണ് രാത്രി കറന്റ് ഇല്ലെങ്കിൽ ടൂ വീലർ യാത്രക്കാരുടേയും കാൽനട യാത്രക്കാരുടേയും ഫോർവീലർ യാത്രക്കാരുടേയും ഒക്കെ ഗതിയെന്താണ്? യാത്രചെയ്യാൻ ഇത്ര യധികം ഭീകരമായ ഒരവസ്ഥ കേരളത്തിൽ ഒരുകാലഘട്ടത്തിലും ഉണ്ടായി ട്ടില്ല. മഴക്കാലത്ത് ചില റോഡുകൾ ചീത്തയാകും. റോഡുകളുടെ അറ്റകുറ്റപ്പ ണികൾ എത്രനാളായി നടക്കുന്നില്ല. അതിന്റെ ഡീറ്റെയിൽസിലേക്ക് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly